# കില

## വാർത്താപത്രിക

VOLUME-9
ISSUE-8
AUGUST 2016

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org





തിരുവനന്തപുരത്ത് ശ്രീലങ്കയിലെ വടക്കൻ പ്രവിശ്യ കൗൺസിലർമാർ
സംസ്ഥാന തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി **ഡോ.കെ.ടി.ജലീലു**മായി കൂടിക്കാഴ്ച നടത്തുന്നു

## കിലയ്ക്കു ശ്രീലങ്കൻ പുരസ്കാരം; അനുമോദിക്കാൻ ശ്രീലങ്കൻ ജനപ്രതിനിധികൾ

**ശ്രീ**ലങ്കയിൽ അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനു കില നൽകിവരുന്ന സേവനങ്ങൾ പരിഗണിച്ച് കിലയ്ക്കു ശ്രീലങ്കൻ സർക്കാർ പുരസ്കാരം സമ്മാനിച്ചു. പരിശീലനമുൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം. കൊളംബോയിൽ സംഘടിപ്പിച്ച ചടങ്ങിൽ കിലയ്ക്കുവേണ്ടി ഡയറക്ടർ ഡോ.പി.പി.ബാലൻ പുരസ്കാരം ഏറ്റുവാങ്ങി. ശ്രീലങ്കൻ പ്രവിശ്യാ കൗൺസിൽ-പ്രാദേശികസർക്കാർ വകുപ്പുമന്ത്രി ഫിസർ മുസ്തഫയാണ് പുരസ്കാരം സമ്മാനിച്ചത്. വകുപ്പുസെക്രട്ടറി കമൽ പത്മശ്രീ, ഡയറക്ടർ സുജീവ പരമവീര തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ചടങ്ങിൽ സംബന്ധിച്ചു.

കിലയുടെ പ്രവർത്തനങ്ങളെ വടക്കൻ പ്രവിശ്യയിൽനിന്നുള്ള ജനപ്രതിനിധികൾ അനുമോദിച്ചു. അധികാരവികേന്ദ്രീകരണവും പ്രാദേശികഭരണസംവിധാനവുമായി ബന്ധപ്പെട്ട പഠന-ചർച്ചകൾക്കായി കിലയിലെത്തിയതായിരുന്നു ശ്രീലങ്കൻ ജനപ്രതിനിധികൾ. വടക്കൻ പ്രവിശ്യാകൗൺസിൽ ചെയർമാൻ സി.വി.കെ ശിവജ്ഞാനം അനുമോദനയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് കില നടത്തുന്ന പരിശീലനപരിപാടികൾ മഹത്തരമാണെന്നു അദ്ധ്യക്ഷപ്രസംഗത്തിൽ ശിവജ്ഞാനം പറഞ്ഞു. കില-ശ്രീലങ്കൻ ബന്ധം കൂടുതൽ മെച്ചപ്പെടുത്തുന്നതിനു ഇപ്പോൾ കിലയ്ക്കു ലഭിച്ച പുരസ്കാരം ഉപകരിക്കട്ടെയെന്ന് ചടങ്ങിൽ ആശംസയർപ്പിച്ച ശ്രീലങ്കയിലെ ആസ്ത്രേലിയൻ ഹൈക്കമ്മീഷൻ പ്രതിനിധി ശ്രീമതി ദിൽഹാര ഗുണവർദ്ധനൻ പറഞ്ഞു. ലോകരാഷ്ട്രങ്ങളുടെ പുരസ്കാരങ്ങൾ ഇനിയും കിലയെ തേടിയെത്തട്ടെയെന്ന് ശ്രീങ്കയിലെ ഏഷ്യാഫൗണ്ടേഷനിലെ സാമ്പത്തികവിഭാഗം ഡയറക്ടർ ഡോ. ഗോപകുമാർ തമ്പി പറഞ്ഞു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ, ഡോ.സണ്ണിജോർജ്, ഡോ.ജെ.ബി.രാജൻ, ഡോ.പീറ്റർ എം.രാജ്, അസി.ഡയറക്ടർ കെ.കെ.ബാബു എന്നിവർ സംസാരിച്ചു. ചടങ്ങിൽ കിലയിലെ ജീവനക്കാരും സംബന്ധിച്ചു.

# ജനകീയാസൂത്രണവും നിർമ്മാണപ്രവൃത്തികളും

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു അനുവദിക്കുന്ന പദ്ധതി പണത്തിന്റെ ഏറിയ പങ്കും ചെലവഴിക്കുന്നതു പശ്ചാത്തല മേഖലയുടെ വികസനത്തിനാണ്.അതിൽ തന്നെ ഏറെയും നിർമ്മാണപ്രവൃത്തികൾക്കാണ് വിനിയോഗിക്കുന്നത്. അതുകൊണ്ടുതന്നെ നിർമ്മാണപ്രവൃത്തികളുടെ നടത്തിപ്പുസംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ, കേരളപഞ്ചായത്ത് രാജ് പൊതുമരാമത്തു പണികളും നടത്തിപ്പ് ചട്ടങ്ങൾ 1997 പ്രകാരവും മുനിസിപ്പൽ–കോർപ്പറേഷനുകളിൽ കേരള മുനിസിപ്പൽ പൊതുമരാമത്തു പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും ചട്ടങ്ങൾ 1997 പ്രകാരവുമാണ് നിർമ്മാണപ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്. പ്രവൃത്തികളുടെ പ്രൊജക്റ്റുകൾ തയ്യാറാക്കുന്നതിനോടൊപ്പം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അതിൽ ഉൾപ്പെടുത്തിയിരിക്കണം.വിശദമായ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, അബ്സ്ട്രാക്റ്റ് എസ്റ്റിമേറ്റ്,ലൊക്കേഷൻ മാപ്പ്, സൈററ് പ്ലാൻ, ഡ്രോയിംഗ് എന്നിവയും ആവശ്യമായ സംഗതികളിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും പ്രോജക്ടിനൊപ്പം ഉണ്ടായിരിക്കണം. നിർമ്മാണപ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും സുഗമ സോഫ്റ്റ് വെയർ ആപ്ലികേഷനിലാണ് ചെയ്യേണ്ടത്. ഇക്കാര്യങ്ങളൊന്നുമില്ലെങ്കിൽ പ്രോജക്ടിനു അംഗീകരാം നൽകാൻ പാടില്ലാത്തതാണ്.

കെട്ടിടനിർമ്മാണത്തിന്റെ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ എന്തെല്ലാം സൗകര്യങ്ങൾ വേണമോ അതെല്ലാം എസ്റ്റിമേറ്റിൽ ചേർത്തിരിക്കണം. ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് മുതലായ എല്ലാ സൗകര്യവും ഒരുക്കുന്ന വിധത്തിലായിരിക്കണം എസ്ററിമേറ്റിൽ തുക ചേർക്കേണ്ടത്. കുടിവെള്ളപദ്ധതിയുടെ പ്രോജക്ടാണ് തയ്യാറാക്കുന്നതെങ്കിൽ ഗുണഭോക്താക്കൾക്കു കുടിവെള്ളം ലഭിക്കുന്നതിനു എന്തെല്ലാം ആവശ്യമുണ്ടോ ആ കാര്യങ്ങളെല്ലാം പ്രോജക്ടിലും എസ്റ്റിമേറ്റിലും ഉൾപ്പെടുത്തിയിരിക്കണം. അനുവദിക്കുന്ന തുകയ്ക്കനുസരിച്ച് ഭാഗികമായി എസ്റ്റിമേറ്റ് തയ്യാറാക്കാൻ പാടില്ല. തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷപ്രോജക്ട് ആക്കാവുന്നതാണ്. എന്നാലും ആ പദ്ധതികൊണ്ട് വിവക്ഷിക്കുന്ന തരത്തിലുള്ള പ്രയോജനപ്രദമായ എല്ലാകാര്യങ്ങളും ചേർത്തിരിക്കണം.

തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലം വിട്ടുകിട്ടാതിരിക്കുക ഉപയോഗയോഗ്യമായ സ്ഥലമല്ലാതിരിക്കുക, ഇൻവെസ്റ്റിഗേഷൻ ആവശ്യമായി വരുന്ന പദ്ധതികൾക്കു ഇൻവെസ്റ്റിഗേഷനു സമയം ലഭിക്കാതിരിക്കുക, സ്ട്രക്ചറൽ ഡിസൈനിംഗിനും മറ്റും സമയം കിട്ടാതിരിക്കുക, മറ്റ് ഏജൻസികളിൽനിന്നു ആവശ്യമായ അനുമതി ലഭിക്കാതിരിക്കുക എന്നിവ പദ്ധതി നടത്തിപ്പിനു തടസ്സമായി വരുന്നു. ഉദാഹരണത്തിനു കുടിവെള്ള പദ്ധതികൾ, അറവുശാലകൾ, ക്രിമറ്റോറിയം മുതലായവ.അനുമതികളും സ്ഥലസൗകര്യങ്ങളും ഉറപ്പാക്കിയിട്ടുവേണം ഇത്തരം പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടത്. പലപ്പോഴും ഇത്തരം പദ്ധതികൾക്കു അംഗീകാരം നേടിയശേഷം സ്ഥലം അന്വേഷിച്ചു നടക്കുക അല്ലെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നു നിരാക്ഷേപപത്രം ലഭിക്കാതിരിക്കുക എന്നിവ മൂലം പദ്ധതി നടപ്പാക്കാൻ കഴിയാതെ വരുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. അതൊഴിവാക്കാൻ കാര്യങ്ങൾ മുൻകൂട്ടി കണ്ട് പദ്ധതി തയ്യാറാക്കുമ്പോൾ തന്നെ എല്ലാ തടസ്സങ്ങളും നീക്കിയിരിക്കേണ്ടതാണ്.

നിർമ്മാണപ്രവൃത്തികളുടെ പേര്, വർഷം, പ്രവൃത്തി നടത്തുന്ന കോൺട്രാക്ടർ/ഏജൻസി/ഗുണഭോക്തൃസമിതി എന്നിവരുടെ പേര് ഫോൺ നമ്പർ, എഞ്ചിനിയറുടെ പേര്, അടങ്കൽ തുക, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ചശേഷം, പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശസ്ഥാപനത്തിന്റെ പേര് എന്നിവയും പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. ഡിസ്പ്ലേചെയ്യുന്ന ബോർഡിന്റെ ചെലവ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താം. പ്രവൃത്തി തുടങ്ങുന്നതിനുമുമ്പ് സാങ്കേതിക അനുമതി ഉൾപ്പെടെ എല്ലാ അനുമതികളും വാങ്ങിയിരിക്കേണ്ടതാണ്.

പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരമുള്ള റോഡുനിർമ്മാണ പ്രവൃത്തികൾക്കു ബാധകമായിട്ടുള്ള സി.പി.ഡബ്ലിയു.ഡി നിരക്കും സ്പെസിഫിക്കേഷനും തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന എല്ലാ റോഡുനിർമ്മാണ പ്രവൃത്തികൾക്കും ബാധകമായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അഞ്ചുമീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകൾ ഏറ്റെടുത്തു നടത്തുന്ന എല്ലാ ടാറിംഗ് പ്രവൃത്തികൾക്കും പി.എം.ജി.എസ്.വൈ, റോഡുനിർമ്മാണ പ്രവൃത്തികൾക്കു ബാധകമായിട്ടുള്ള വ്യവസ്ഥകളും അഞ്ചുവർഷത്തെ മെയിന്റനൻസ് ഗ്യാരണ്ടിയും ബാധകമായിരിക്കുന്നതാണ്. ഇക്കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്യേണ്ടതുമാണ്.

അഞ്ചുലക്ഷമോ അതിൽ കൂടുതലോ വരുന്ന നിർമ്മാണ പ്രവൃത്തികൾ ഇ.ടെൻഡർ മുഖേന മാത്രമേ നടപ്പിലാക്കാൻ പാടുള്ളൂ. അഞ്ചുലക്ഷത്തിൽ താഴെയുള്ള പ്രവൃത്തികൾ ഗുണഭോക്തൃസമിതി മുഖേനയാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നതെങ്കിൽ അതു അയൽസഭാനിർവാഹസമിതി മുഖേനയാണ് ചെയ്യേണ്ടത്.25.6.2014 ലെ സ.ഉ.(എം.എസ്)112/2014 ത സ്വ ഭ വ ഉത്തരവു പ്രകാരം രൂപീകരിച്ചിട്ടുള്ള അയൽസഭയിലെ 11 അംഗനിർവാഹകസമിതിയായിരിക്കും ഗുണഭോക്തൃസമിതിയായി മാറുന്നത്. ഇത്തരത്തിലുള്ള ഗുണഭോക്തൃസമിതി ഏറ്റെടുക്കുമ്പോൾ അയൽസഭ പൊതുയോഗത്തിന്റെയും നിർവാഹകസമിതിയുടേയും ഔപചാരികമായ തീരുമാനം ആവശ്യമാണ്. ഒന്നിലധികം അയൽസഭാപ്രദേശത്തു വരുന്ന പ്രവൃത്തികളാണെങ്കിൽ ബന്ധപ്പെട്ട എല്ലാ അയൽസഭാനിർവാഹസമിതിയുടേയും സംയുക്തയോഗം ചേർന്നു അതിൽനിന്നു 11 അംഗ നിർവാഹകസമിതിയെ ഗുണഭോക്തൃസമിതിയായി തെരഞ്ഞെടുക്കണം. അയൽസഭ ഏറ്റെടുക്കുകയാണെങ്കിൽ അവർ നേരിട്ട് പ്രവൃത്തി ചെയ്യേണ്ടതാണ്. ബിനാമി കരാറുകാരെ ഏൽപ്പിക്കാൻ പാടില്ല.

ജില്ലാപഞ്ചായത്തുകൾ പത്തുലക്ഷത്തിന്റെയെങ്കിലും അടങ്കൽ തുകയ്ക്കുള്ള പ്രോജക്ടുകളും റോഡ് മെയിന്റനൻസ് ഫണ്ടുപയോഗിച്ച് 5 ലക്ഷത്തിന്റെ മുകളിലുള്ള പ്രോജക്ടുകളേ ഏറ്റെടുക്കാവൂ. ബ്ലോക്ക് പഞ്ചായത്തുകൾ അഞ്ചുലക്ഷത്തിന്റെയെങ്കിലും അടങ്കൽ തുകയ്ക്കുള്ള പ്രോജക്ടുകളാണ് ഏറ്റെടുക്കേണ്ടത്.എന്നാൽ റോഡിതര മെയിന്റെൻസ് ഫണ്ടുപയോഗിച്ച് നിർമ്മാണം പൂർത്തീകരിക്കുന്നതിനുവേണ്ടി ഏറ്റെടുക്കുന്ന പദ്ധതികളും കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസിനും ഈ പരിധി ബാധകമല്ല.ജില്ലാപഞ്ചായത്തുകൾക്കു സർക്കാർ കൈമാറിയ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും ഈ പരിധി ബാധകമല്ല. അടങ്കൽ തുകയുടെ പരിധി പാലിക്കുന്നതിനായി വ്യത്യസ്ഥപ്രദേശങ്ങളിലെ പ്രവൃത്തികൾ കൂട്ടിച്ചേർത്ത് ഒറ്റ പ്രോജക്ടായി തയ്യാറാക്കാനും പാടില്ല.പദ്ധതിപ്പണം നിർമ്മാണപ്രവൃത്തികൾക്കു ഉപയോഗിക്കുമ്പോൾ അതു തികച്ചും സുതാര്യവും ഗുണപ്രദവും ഉപയോഗപ്രദവുമാക്കുന്നതിനാണ് ഇത്തരം നിബന്ധനകൾ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതു പാലിക്കപ്പെട്ടാൽ ഏറ്റവും ക്വാളിറ്റിയുള്ള പ്രവർത്തനം തദ്ദേശസ്ഥാപനത്തിൽ നടപ്പാക്കാൻ കഴിയും. അതു ജനങ്ങൾക്കു പ്രയോജനപ്രദവുമാകും.

ശശിധരൻ തത്തപ്പിള്ളി




ശ്രീലങ്കയിൽ അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനു കില നൽകിവരുന്ന സേവനങ്ങൾ പരിഗണിച്ച് ശ്രീലങ്കൻ സർക്കാർ പ്രഖ്യാപിച്ച പുരസ്കാരം കൊളംബോയിൽ നടന്ന ചടങ്ങിൽ കില ഡയറക്ടർ **ഡോ.പി.പി.ബാലൻ** ഏററുവാങ്ങുന്നു



ശ്രീലങ്കൻ ജനപ്രതിനിധികൾ കിലയൽ സംഘടിപ്പിച്ച അനുമോദനയോഗത്തിൽ
വടക്കൻ പ്രവിശ്യാകൗൺസിൽ ചെയർമാൻ **സി.വി.കെ ശിവജ്ഞാനം** അദ്ധ്യക്ഷപ്രസംഗം നടത്തുന്നു



അനുമോദനച്ചടങ്ങിൽ സംബന്ധിച്ച ശ്രീലങ്കൻ പ്രവിശ്യകൗൺസിൽ അംഗങ്ങളും കില ജീവനക്കാരും



കിലയിലെത്തിയ ശ്രീലങ്കയിലെ വടക്കൻ പ്രവിശ്യകൗൺസിൽ അംഗങ്ങളും മറ്റു മുതിർന്ന ഉദ്യോഗസ്ഥരുമായി കില ഡയറക്ടർ **ഡോ.പി.പി.ബാലൻ** ചർച്ച നടത്തുന്നു

# ശ്രീലങ്കയിലെ ജനപ്രതിനിധികൾ കിലയിൽ

**ശ്രീ**ലങ്കയിലെ വടക്കൻ പ്രവിശ്യയിൽ അധികാരവികേന്ദ്രീകരണത്തിലൂടെ പ്രാദേശികഭരണസംവിധാനം ശാക്തീകരിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾക്കായി പ്രവിശ്യകൗൺസിൽ അംഗങ്ങളും ഉന്നത ഉദ്യോഗസ്ഥരുമടങ്ങുന്ന പ്രതിനിധിസംഘം കിലയിലെത്തി. കേരളത്തിലെ എം.എൽ.എ മാരുടെ തുല്യ പദവിയിലുള്ളവരാണ് പ്രവിശ്യകൗൺസിൽ അംഗങ്ങൾ. പ്രവിശ്യ കൗൺസിൽ ചെയർമാൻ സി.വി.കെ.ശിവജ്ഞാനത്തിന്റെ നേതൃത്വത്തിലുള്ള സംഘത്തിൽ ഒമ്പതു കൗൺസിലർമാർക്കു പുറമെ കൗൺസിൽ സെക്രട്ടറി, പ്രാദേശിക സർക്കാർ വകുപ്പുസെക്രട്ടറി, കൃഷിവകുപ്പുസെക്രട്ടറി, പ്ലാനിംഗ് ഡെപ്യൂട്ടി ചീഫ് സെക്രട്ടറി, ഭരണവിഭാഗം ഡെപ്യൂട്ടി ചീഫ് സെക്രട്ടറി, ചീഫ് അക്കൗണ്ടന്റ് എന്നിവരുമുണ്ട്. ശ്രീലങ്കയിലെ ആസ്ത്രേലിയൻ ഹൈക്കമ്മീഷൻ ഓഫീസിലെ സീനിയർ പ്രോഗ്രാം ഓഫീസർ ശ്രീമതി ദിൽഹാര ഗുണവർദ്ധന, ഏഷ്യ ഫൗണ്ടേഷൻ സാമ്പത്തികവിഭാഗം ഡയറക്ടർ ഡോ.ഗോപകുമാർതമ്പി, പ്രവിശ്യാകൗൺസിലിന്റെ ചീഫ് സെക്രട്ടറി എന്നിവരും സംഘത്തോടൊപ്പമുണ്ടായിരുന്നു.

കിലയിലെത്തിയ സംഘത്തെ കില ഡയറക്ടറും മറ്റും ചേർന്ന് സ്വീകരിച്ചു.കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ച് പ്രൊഫ.ടി.രാഘവനും, ശിശുസൗഹൃദപഞ്ചായത്തുകളെപറ്റി ഡോ.പീറ്റർ എം.രാജും കുടുംബശ്രീ പ്രവർത്തനങ്ങളെസംബന്ധിച്ച് മായാശശിധരനും വിഭവസമാഹരണത്തെക്കുറിച്ച് ഡോ.സണ്ണി ജോർജും വിശദീകരിച്ചു.നന്മണിക്കര, കാട്ടൂർ, കൊരട്ടി ഗ്രാമപഞ്ചായത്തുകൾ സന്ദർശിച്ച് അവിടത്തെ പ്രവർത്തനങ്ങൾ സംഘം വിലയിരുത്തി. തിരുവനന്തപുരത്തുവച്ചു സംസ്ഥാന തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ഡോ. കെ. ടി.ജലീലുമായും സംഘം കൂടിക്കാഴ്ച്ച നടത്തി.

## രണ്ടാം ജനകീയാസൂത്രണം:
## കിലയിൽ കൂടിയാലോചനാ ശിൽപ്പശാല

രണ്ടാം ജനകീയാസൂത്രണത്തിന്റെ ക്യാമ്പയിന്റെ ഭാഗമായി കിലയിൽ ഏകദിന കൂടിയാലോചനാ ശിൽപ്പശാല സംഘടിപ്പിച്ചു. ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾ, മുനിസിപ്പൽ ചെംബർ ഭാരവാഹികൾ, കോർപ്പറേഷൻ മേയർമാർ, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പതിമൂന്നാം പദ്ധതിയിലെ ഉള്ളടക്കം, മുൻഗണനാവിഷയങ്ങൾ, സമീപനം എന്നീ വിഷയങ്ങളെക്കുറിച്ചായിരുന്നു ചർച്ച. കില ഡയറക്ടർ ഡോ.പി.പി.ബാലൻ ആമുഖപ്രഭാഷണം നടത്തി. കിലയിലെ പ്രൊഫ.ഡോ.സണ്ണി ജോർജ്, അസി.പ്രൊഫസർമാരായ ഡോ.ജെ.ബി.രാജൻ, ഡോ. പീറ്റർ എം.രാജ്, കോർഡിനേറ്റർ പി.വി.രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു.

തൃശ്ശൂർ മേയർ അജിത ജയരാജൻ, കൊച്ചി മേയർ സൗമിനി ജെയിൻ, കൊല്ലം മേയർ രാജേന്ദ്രബാബു, കോഴിക്കോട് മേയർ തോട്ടത്തിൽ രവീന്ദ്രൻ. ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരായ ഷീല വിജയകുമാർ(തൃശ്ശൂർ) ജോഷി ഫിലിപ്പ്(കോട്ടയം),അഡ്വ.കെ.ശാന്തകുമാരി (പാലക്കാട്), ആശാസനിൽ(എറണാകുളം), വി.കെ.മധു (തിരുവനന്തപുരം) ബാബു പറശ്ശേരി (കോഴിക്കോട്) കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി വിശ്വംഭരപ്പണിക്കർ, സെക്രട്ടറി കെ.നാരായണൻ, വൈസ് പ്രസിഡന്റ് തോമസ് വാകത്താനം, ചീഫ് എക്സിക്യൂട്ടീവ് കോർഡിനേറ്റർ കെ.ബി.മദൻമോഹൻ, ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ സി.പി.സുരേഷ്കുമാർ തുടങ്ങിയവർ സംബന്ധിച്ചു.




അനിമൽ ഹസ്ബെന്ററി അസി.ഡയറക്ടർമാർക്കു കിലയിൽ സംഘടിപ്പിച്ച മൂന്നുദിവസത്തെ നൈപുണ്യപരിശീലനം

## അസി.ഡയറക്ടർമാർക്കു കിലയിൽ നൈപുണ്യപരിശീലനം

അനിമൽ ഹസ്ബെന്ററി അസി.ഡയറക്ടർമാർക്കുള്ള മൂന്നു ദിവസത്തെ നൈപുണ്യ പരിശീലനം കിലയിൽ സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. വെറ്ററിനറി യൂണിവേഴ്സിററിയിലെ ദീപ ആനന്ദ് അദ്ധ്യക്ഷത വഹിച്ചു.

കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ, കോർഡിനേറ്റർ വി.ജി.ശശിധരൻ എന്നിവർ സംസാരിച്ചു. പൊതുഭരണം, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ്, വ്യക്തിത്വവികസനം, ഒഫീഷ്യൽ കമ്മ്യൂണിക്കേഷൻ, ഫയൽ മാനേജ്മെന്റ്, പദ്ധതി ആസൂത്രണം,പ്രോജക്ട് മാനേജ്മെന്റ്, ടൈം മാനേജ്മെന്റ് തുടങ്ങിയ പതിമൂന്ന് വിഷയങ്ങളിലാണ് പരിശീലനം. ഡോ.എസ്.കെ.ബിജു, വർക്കി ജോസഫ്, ഹാഷിം, ജസ്റ്റിൻ, സി.രാധാകൃഷ്ണൻ, ഡോ.സാബു വർഗീസ്, ജെ.നെൽസൺ, രാമനാഥപിള്ള, ജോസഫ്ജോൺ തുടങ്ങിയ വിദഗ്ദ്ധരാണ് ക്ലാസ്സെടുക്കുന്നത്.

കിലയും കേരള വെറ്ററിനറി ആന്റ്=അനിമൽ സയൻസ് യൂണിവേഴ്സിററിയും സംയുക്തമായാണ് പരിശീലനം സംഘടിപ്പിച്ചത്.



അധികാരവികേന്ദ്രീകരണത്തിന്റെ കേരള മാതൃക പഠിക്കാൻ ആഫ്രിക്കൻ രാഷ്ട്രമായ സുഡാനിലെ നുബെയിൽ നിന്നെത്തിയ സന്നദ്ധസംഘടന പ്രതിനിധി ഡഗ്ലസ് റീലർ കില ഡയറക്ടർ ഡോ.പി.പി.ബാലനുമായി ചർച്ച നടത്തുന്നു

## കേരളമാതൃക പകർത്താൻ ഇനി സുഡാനും

അധികാരവികേന്ദ്രീകരണത്തിന്റെ കേരള മാതൃക പകർത്താൻ ഇനി സുഡാനും. ആഫ്രിക്കൻ രാഷ്ട്രമായ സുഡാൻ പ്രവിശ്യയായ ദക്ഷിണ കോർഡൊഫാനിലെ മലനിരകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന നുബെയിൽ ജനാധിപത്യസംവിധാനം കെട്ടിപ്പടുക്കുന്നതിനു നിയോഗിക്കപ്പെട്ട സന്നദ്ധസംഘടനയായ കമ്മ്യൂണിററി ഡെവലപ്മെന്റ് ആന്റ് റിസോഴ്സ് അസോസിയേഷൻ (സി.ഡി.ആർ.എ) പ്രതിനിധിയാണ് ഡഗ്ലസ് റീലർ. ഇതുസംബന്ധിച്ച് കില ഡയറ്കടർ ഡോ.പി.പി.ബാലനുമായി അദ്ദേഹം ചർച്ച നടത്തി. കേരളത്തിലെ അധികാരവികേന്ദ്രീകരണവും പ്രാദേശികഭരണസംവിധാനവും പഠിച്ച് നുബെയിൽ നടപ്പിലാക്കുകയാണ് ലക്ഷ്യം. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നടന്നുവരുന്ന ആസൂത്രണരീതികൾ നേരിൽ കണ്ട് മനസ്സിലാക്കാൻ വിവിധ ഗ്രാമപഞ്ചായത്തുകളും അദ്ദേഹം സന്ദർശിക്കുന്നുണ്ട്. സുഡാനിലെ സ്വേച്ഛാധിപത്യഭരണത്തിനെതിരെ നിരന്തരം പോരാട്ടം നടത്തിവരുന്നവരാണ് നുബെയിലെ ജനങ്ങൾ.അവിടെ ജനാധിപത്യസംവിധാനം നിലവിൽവരണമെന്നാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്.

## ചോദ്യങ്ങളും മറുപടിയും

**?** പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിലെ നെൽകൃഷിയുടെ കൂലി ചെലവ് സബ്സിഡി ഏക്കറിനു 6000/- രൂപ എന്നു കാണുന്നു. മുൻവർഷങ്ങളിൽ ഹെക്ടറിനു 6000/-രൂപ എന്നായിരുന്നു. ഏതാണ് ശരിയായത്?

● നെൽകൃഷിയുടെ കൂലിചെലവ് . മാർഗ്ഗരേഖയിൽ ഏക്കറിനു 6000/-രൂപ എന്നതു 2.3.2016 ലെ സ.ഉ.(സാധാ)1024/2016 പ്രകാരം ഹെക്ടറിനു 6000/- രൂപ എന്നു തിരുത്തിയിട്ടുണ്ട്.

**?** ഉൽപ്പാദനമേഖലയ്ക്കു നിർബന്ധിത വകയിരുത്തൽ വേണമെന്നു പറയുന്നു.അതു ഏതൊക്കെ തുകയിൽനിന്നാണ് കണ്ടെത്തേണ്ടത്?

● ഉൽപ്പാദനമേഖലയ്ക്കു പഞ്ചായത്തിന്റെ പദ്ധതിവിഹിതത്തിൽനിന്നു 20 ശതമാനത്തിൽ കുറയാത്ത തുക മാറ്റിവയ്ക്കണം.പദ്ധതിവിഹിതത്തിലെ ജനറൽ വിഭാഗം,എസ്.സി/എസ്.ടി വിഭാഗം എന്നീ തുകകളുടെ 20 ശതമാനം തുകയാണ് നീക്കിവയ്ക്കേണ്ടത്.നിർബന്ധിത വകയിരുത്തൽ കഴിച്ചുള്ള തുക കണക്കാക്കിയാൽ മതിയാകും. മുനിസിപ്പൽ കോർപ്പറേഷൻ 10 ശതമാനം തുക മാറ്റിവച്ചാൽ മതി.(സ.ഉ.(സാധാ)2235/2016 ത.സ്വ.ഭ.വ തീയതി 25.7.2016)

**?** മാലിന്യനിർമാർജനത്തിനു 10 ശതമാനം തുക നീക്കിവയ്ക്കുന്നതു ഏതെല്ലാം ഇനങ്ങളിൽപെട്ട ഫണ്ടിൽനിന്നാണ്?

● പദ്ധതിവിഹിതത്തിന്റെ ആകെ തുകയായ ജനറൽ, എസ്.സി.പി, ടി.സി.പി ഫണ്ടുകൾ ചേർന്ന തുകയുടേയും ധനകാര്യകമ്മീഷൻ വിഹിതവും, കെ.എൽ.ജി, എസ്.ഡി.പി ഫണ്ടും ചേർന്ന തുകയുടെ 10 ശതമാനം തുകയാണ് മാലിന്യനിർമ്മാർജനത്തിനു നീക്കിവയ്ക്കേണ്ടത്. ഈ തുക ഓ.ഡി.എഫ് പദ്ധതിപ്രകാരം നിർമ്മിക്കുന്ന കക്കൂസിന്റെ ഫണ്ടിനും ഉപയോഗിക്കാവുന്നതാണ്. (സ.ഉ.(സാധാ)2235/2016 ത സ്വ ഭ വ തീയതി.25.7.2016)

**?** ഡി.പി.സി.കൂടി അംഗീകരിക്കുന്നതിനുമുമ്പ് സ്പിൽ ഓവർ പദ്ധതികൾ നടത്തി തുക നൽകാമോ?

● ഭേദഗതികൾ ചെയ്യാതെ അംഗീകരിച്ച പദ്ധതി അതേപടി സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കുകയാണെങ്കിൽ അതു ഭരണസമിതി തീരുമാനമെടുത്തശേഷം നടപ്പാക്കുകയും തുക അനുവദിക്കുകയും ചെയ്യാം. ഭേദഗതികൾ ഉണ്ടെങ്കിൽ ഡി.പി.സി.യുടെ അംഗീകാരത്തോടെയാണ് നടപ്പാക്കേണ്ടത്.

**?** വിധവകൾക്കുള്ള ധനസഹായങ്ങൾ ആൺമക്കളുള്ളവർക്കു നൽകാമോ?

● സ്വന്തമായി വരുമാനമില്ലാത്ത 25 വയസ്സിൽ താഴെ പ്രായമുള്ള ആൺമക്കളുള്ള ബി.പി.എൽ വിഭാഗത്തിൽ പെട്ട വിധവകൾക്കു നിലവിൽ വിധവകൾക്കു നൽകുന്ന ആനുകൂല്യങ്ങൾ നൽകാവുന്നതാണ്.(സ.ഉ.(സാധാ)2037/16 തസ്വഭവ തീയതി 30.6.2016)

**?** പഞ്ചായത്തിലേയും ഘടകസ്ഥാപനങ്ങളിലേയും ജീവനക്കാർക്കു അവധി അനുവദിക്കേണ്ടത് ആരാണ്?

● പഞ്ചായത്തിലെ സെക്രട്ടറിയുടേയും ഘടകസ്ഥാപന മേധാവികളുടേയും ആക്സ്മിക അവധി അനുവദിക്കേണ്ടത് പഞ്ചായത്ത് പ്രസിഡന്റാണ്. (മറ്റു ജീവനക്കാരുടെ അവധി അനുവദിക്കേണ്ടത് അവരുടെ അർഹതയ്ക്കും കേരള സർവീസ് റൂൾസിലെ നിബന്ധനകൾക്കു വിധേയ

## ചോദ്യങ്ങൾക്ക് മറുപടി

**പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്.**
**ഫോൺ നമ്പർ-0487 2204097**

മായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരാണ്) എന്നാൽ ആകസ്മിക അവധി ഒഴികെയുള്ള അവധി അനുവദിക്കേണ്ടത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്. ഇപ്രകാരമുള്ള അവധി അപേക്ഷ പ്രസിഡന്റിന്റെ ശുപാർശയോടുകൂടി പ്രസ്തുത ഉദ്യോഗസ്ഥനു അയച്ചുകൊടുക്കേണ്ടതാണ്.(1997 ലെ കേരള പഞ്ചാത്ത് രാജ് ഉദ്യോഗസ്ഥരുടെമേൽ നിയന്ത്രചട്ടങ്ങൾ സെക്ഷൻ 13)

**?** പഞ്ചായത്തിന്റെ പേരിലുള്ള ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഒരാളിൽനിന്ന് അതൊഴിപ്പിച്ചെടുക്കാൻ എന്തുചെയ്യണം?

● പഞ്ചായത്ത് വകയായോ അതിൽ നിക്ഷിപ്തമായതോ അതിന്റെ നിയന്ത്രണത്തിലുള്ളതോ ആയ ഏതെങ്കിലും ഭൂമി മുൻകൂട്ടി അനുവാദം വാങ്ങാതെ കൈവശം വയ്ക്കുന്ന ആളിൽനിന്ന് പിഴ ഈടാക്കാനോ അയാളെ കയ്യോടെ ഒഴിപ്പിക്കാനോ പഞ്ചായത്തിനു അധികാരമുണ്ട്. ഭൂമി ഒഴിഞ്ഞുകൊടുക്കാൻ സെക്രട്ടറി നൽകുന്ന നോട്ടീസ് അനുസരിച്ച് പ്രവർത്തിക്കാത്ത ആളെ നീക്കം ചെയ്യുകയോ അല്ലെങ്കിൽ നീക്കം ചെയ്യാൻ ഒരു കീഴുദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയോ ചെയ്യാം. നീക്കം ചെയ്യുന്നതു തടസ്സപ്പെടുത്തുന്ന പക്ഷം സെക്രട്ടറിക്കു ആവസ്തുത ജില്ലാകളക്ർട്ടർക്കു റിപ്പോർട്ടു ചെയ്യാവുന്നതും കലക്ടർ ഒരു സമ്മറി എൻക്വയറി നടത്തി വസ്തുത ബോദ്ധ്യപ്പെട്ട് അങ്ങനെയുള്ള തടസ്സമോ എതിർപ്പോ തടയുന്നതിനു ആവശ്യമായേക്കാവുന്നതും 30 ദിവസത്തിൽ കവിയാത്തതുമായ കാലത്തേക്കു തടവുശിക്ഷയ്ക്കായി സിവിൽ ജയിലിലേക്കു അയക്കാവുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് നിയമം. 279 എ വകുപ്പ്)

**?** ജില്ലാപഞ്ചായത്ത് പ്രസിഡന്റിനു താമസിക്കാൻ വീടു നൽകാൻ പറയുന്നു. ഇപ്രകാരം വീടു നൽകുമ്പോൾ അതിനു എത്ര തുക വരെ വാടകയായി നൽകാം?

● ജില്ലാപഞ്ചായത്ത് പ്രസിഡന്റിനു അദ്ദേഹത്തിന്റെ ഔദ്യോഗിക കാവാവധിയിൽ താമസിക്കുന്നതിനു ജില്ലാ പഞ്ചായത്ത് ആസ്ഥാനത്ത് വാടക നൽകാതെ ഒരു വീടു ലഭ്യമാക്കാനാണ് പറഞ്ഞിട്ടുള്ളത്.വീട് ലഭ്യമല്ലെങ്കിൽ പ്രതിമാസം 1200/- രൂപ വീടുവാടക ബത്തയായി നൽകാം.(1995 ലെ കേരള പഞ്ചായത്ത് രാജ് ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും ചട്ടങ്ങൾ,സെക്ഷൻ 4 കാണുക.)

**?** പട്ടികജാതി വിദ്യാർത്ഥികൾക്കു പഠനമുറി നിർമ്മിച്ചു നൽകാമെന്നു പറയുന്നു. എത്ര രൂപ വരെ ചെലവു ചെയ്യാം?

● പട്ടികജാതി വിദ്യാർത്ഥികൾ താമസിക്കുന്ന വീട് 800 ചതുരശ്ര അടിയിൽ താഴെയാണെങ്കിൽ 120 ചതുരശ്ര അടിയിലുള്ള പുതിയ മുറി കൂടി ഒരു ലക്ഷം രൂപ ചെലവുചെയ്ത് നിർമ്മിച്ചുനൽകാം.വിദ്യാർത്ഥി ബി.പി.എൽ കുടുംബത്തിൽപെട്ടതായിരിക്കണം.ഇതിനുള്ള എസ്റ്റിമേറ്റും മെഷർമെന്റും എഞ്ചിനിയറാണ് തയ്യാറാക്കേണ്ടത്.(സ.ഉ.(സാധാ) 326/2016 തസ്വഭവ. തീയതി.15.2.2016)



ഇന്റർ നാഷ്ണൽ സോഷ്യോളജിക്കൽ അസോസിയേഷൻ ജൂലൈ 10 മുതൽ 14 വരെ വിയന്നയിൽ സംഘടിപ്പിച്ച രാജ്യാന്തര കോൺഫ്രൻസിന്റെ ഭാഗമായി കേരളത്തിലെ അധികാരവികേന്ദ്രീകരണത്തെക്കുറിച്ചു കില ഡയറക്ടർ ഡോ.പി.പി.ബാലന്റെ നേതൃത്വത്തിൽ നടന്ന പ്രത്യേക സെഷൻ

# അധികാരവികേന്ദ്രീകരണം: കേരളത്തിനു രാജ്യാന്തരപ്രശംസ

**കേ**രളത്തിലെ അധികാരവികേന്ദ്രീകരണ പ്രവർത്തനങ്ങ ൾക്കു രാജ്യാന്തര പ്രശംസ.ജൂലൈ 10 മുതൽ 14 വരെ വിയന്നയിൽ ഇന്റർ നാഷ്ണൽ സോഷ്യോളജിക്കൽ അസോസിയേഷൻ സംഘടിപ്പിച്ച രാജ്യാന്തര കോൺഫ്രൻസിലാണ് കേരളത്തിലെ അധികാരവികേന്ദ്രീകരണം പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റിയത്. കില ഡയറക്ടർ ഡോ.പി.പി.ബാലന്റെ നേതൃത്വത്തിൽ ഇതിനായി പ്രത്യേക സെഷനും സംഘടിപ്പിച്ചിരുന്നു.

ആഗോളവൽക്കരണ കാലഘട്ടത്തിൽ രാജ്യങ്ങളുടെ ഭാവി എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു സമ്മേളനം. ദാരിദ്ര്യനിർമ്മാർജനം, കുടിവെള്ളലഭ്യത, പാരിസ്ഥിതികപ്രശ്നങ്ങൾ തുടങ്ങിയ വിയയങ്ങളെക്കുറിച്ച് വിവധ സെഷനുകളിൽ ചർച്ച ചെയ്യപ്പെട്ടു. ജനാധിപത്യവൽക്കരണത്തിലൂടെയുള്ള വികസനകാഴ്ച്ചപ്പാട് പല പ്രശ്നങ്ങൾക്കും പരിപാഹമാകുമെന്നു സമ്മേളനം കണ്ടെത്തി. ഈ ഘട്ടത്തിൽ കേരളത്തിൽ നടന്നുവരുന്ന അധികാരവികേന്ദ്രീകരണത്തിനു പ്രസക്തിയേറുന്നതായി വിലയിരുത്തപ്പെട്ടു. വിവിധ രാജ്യങ്ങളിൽനിന്നായി 2000 ലേറെ പ്രതിനിധികൾ സംബന്ധിച്ചു.

തുടർന്നു നടന്ന റിസർച്ച് കമ്മിറ്റിയുടെ ബിസിനസ് യോഗത്തിലാണ് അസോസിയേഷന്റെ മിഡ് ടേം കോൺഫ്രൻസ് നവംബർ 19 മുതൽ 22 വരെ കിലയിൽവച്ചു നടത്താൻ തീരുമാനിച്ചത്. കേരളത്തിലെ പദ്ധതി ആസൂത്രണം, നിർവഹണം, പ്രാദേശിക സാമ്പത്തിക വികസനം എന്നിവയെ സംബന്ധിച്ച് ഗവേഷകർക്കു നേരിട്ടു മനസ്സിലാക്കാൻ അവസരമൊരുക്കുകയാണ് ലക്ഷ്യം. ഇതിനായി ഇസ്ബെല്ല ഡി. കോസ്ററ,(ഫ്രാൻസ്), ഫാത്തിമ അസൂൻകോ (പോർച്ചുഗൽ),അസറിൻ ബക്കാൾ (ബ്രസീൽ) ഹർജിത് ആനന്ദ്(ഇന്ത്യ) എന്നിവർ കോർഡിനേറ്റർമാരായി ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചതായി കില ഡയറക്ടർ അറിയിച്ചു.

# കർഷകതൊഴിലാളി പെൻഷൻ വരുമാനപരിധി ഉയർത്തി

**കർ**ഷകതൊഴിലാളി പെൻഷൻ ലഭിക്കുന്നതിനു അപേക്ഷിക്കാനുള്ള വാർഷിക കുടുംബവരുമാനപരിധി 11,000/- (പതിനൊന്നായിരം) രൂപയായിരുന്നു. ഈ വരുമാനപരിധി 100,000(ഒരുലക്ഷം) രൂപയായി ഉയർത്തിക്കൊണ്ടാണ് ഉത്തരവായിട്ടുള്ളത്.സ.ഉ.എം. എസ്.നമ്പർ 99/2016 തൊഴിൽ വകുപ്പ്.23.6.2016 നമ്പർ ഉത്തരവുപ്രകാരമാണ് പരിധി ഉയർത്തിയിട്ടുള്ളത്. പെൻഷൻ വാങ്ങുന്നയാളുടെ വരുമാനപരിധി ഒരു ലക്ഷം രൂപയിൽ കൂടുതലായാൽ അതിനുശേഷം പെൻഷനുള്ള അർഹത നഷ്ടപ്പെടുന്നതായിരിക്കും. ഉത്തരവിന്റെ തീയതി മുതൽ ഇതിനു പ്രാബല്യമുണ്ടായിരിക്കും.

# വിവാഹരജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതി

**കേ**രള വിവാഹരജിസ്ട്രേഷൻ(പൊതു)ചട്ടങ്ങളിൽ സർക്കാർ ഭേദഗതി വരുത്തി. 2015 ലെ രണ്ടാം ഭേദഗതി പ്രകാരം വിവാഹരജിസ്ട്രേഷൻ സമയത്ത് മെമ്മോറാണ്ടം സമർപ്പിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. ഭർത്താവ് പ്രവാസി ഭാരതീയനാണെങ്കിൽ അദ്ദേഹത്തിന്റെ സാധുതയുള്ള പാസ്പോർട്ടിന്റെ പകർപ്പും വിദേശത്തെ അദ്ദേഹത്തിന്റെ താമസസ്ഥലത്തെ മേൽവിലാസവും സെക്യൂരിറ്റി നമ്പറും മെമ്മോറാണ്ടത്തിൽ ചേർക്കണം.പാസ്പോർട്ടിന്റെ പകർപ്പ് വിവാഹസാക്ഷ്യപത്രം നൽകുന്നതിനുമുമ്പ് സമർപ്പിക്കണം. അത് വിവാഹരജിസ്റ്ററിൽ ബന്ധപ്പെട്ട പേജിൽ ഒട്ടിച്ചുവയ്ക്കണം. വിവാഹ സാക്ഷ്യപത്രം നൽകുമ്പോഴും പ്രവാസി ഭാരതീയനാണെങ്കിൽ പാസ്പോർട്ട് നമ്പരും വിദേശത്തെ താമസസ്ഥലത്തിന്റെ മേൽവിലാസവും സെക്യൂരിറ്റി നമ്പറും ചേർക്കണം.(2015 ലെ കേരള വിവാഹചട്ടങ്ങൾ രണ്ടാം ഭേദഗതി കാണുക.)



മാർഗ്ഗരേഖയിൽ പറഞ്ഞ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണോ പദ്ധതി തയ്യാറാക്കിയിട്ടുള്ളത് എന്നു നോക്കണം.ഗ്രാമസഭയുടെ/വാർഡുസഭയുടെ ശുപാർശയുള്ള പ്രോജക്ടുകളാണ് തയ്യാറാക്കിയതെന്നു ഉറപ്പാക്കണം. ഓരോ തദ്ദേശസ്ഥാപനത്തിന്റെയും ചുമതലയിൽ വരുന്ന കാര്യങ്ങൾ ചെയ്യുന്നതിനുമാത്രമാണ് പ്രോജക്ട് തയ്യാറാക്കേണ്ടത്.ആവശ്യമായ മുഴുവൻ വിവരങ്ങളും പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കണം.മാർഗ്ഗരേഖയിലും സബ്സിഡി മാനദണ്ഡത്തിലും സർക്കാർ ഉത്തരവുകളിലും പറഞ്ഞ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം പ്രോജക്ട് തയ്യാറാക്കേണ്ടത്

## പ്രോജക്ടിനു അംഗീകാരം നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വാർഷികപദ്ധതികൾ തയ്യാറാക്കിയശേഷം പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കി മേലുദ്യോഗസ്ഥനു/മേഖലാ ഉദ്യോഗസ്ഥനു അയച്ചാൽ അദ്ദേഹമാണ് സൂക്ഷ്മപരിശോധന നടത്തി അംഗീകാരം നൽകേണ്ടത്. പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ അംഗീകാരം നൽകുന്ന ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഓരോ പ്രോജക്ടും അംഗീകാരത്തിനെടുക്കുമ്പോൾ അതു ശ്രദ്ധിച്ചാൽ ഭാവിയിൽ ഉണ്ടാകാവുന്ന നിർവഹണത്തിലേയും ഓഡിറ്റ് സമയത്തെ തടസ്സങ്ങളും ഒഴിവാക്കാൻ കഴിയും.

മാർഗ്ഗരേഖയിൽ പറഞ്ഞ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണോ പദ്ധതി തയ്യാറാക്കിയിട്ടുള്ളത് എന്നു നോക്കണം.ഗ്രാമസഭയുടെ/വാർഡുസഭയുടെ ശുപാർശയുള്ള പ്രോജക്ടുകളാണ് തയ്യാറാക്കിയതെന്നു ഉറപ്പാക്കണം. ഓരോ തദ്ദേശസ്ഥാപനത്തിന്റെയും ചുമതലയിൽ വരുന്ന കാര്യങ്ങൾ ചെയ്യുന്നതിനുമാത്രമാണ് പ്രോജക്ട് തയ്യാറാക്കേണ്ടത്.ആവശ്യമായ മുഴുവൻ വിവരങ്ങളും പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കണം.മാർഗ്ഗരേഖയിലും സബ്സിഡി മാനദണ്ഡത്തിലും സർക്കാർ ഉത്തരവുകളിലും പറഞ്ഞ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം പ്രോജക്ട് തയ്യാറാക്കേണ്ടത്.പ്രോജക്ടിനുള്ള ഭരണാനുമതിയും സാങ്കേതികമായി മാനദണ്ഡങ്ങളും പാലിച്ചിരിക്കണം.പദ്ധതിനിർവഹണത്തിനുള്ള കലണ്ടർ ശരിയായിട്ടുള്ളതാണോ എന്നു നോക്കണം.പ്രോജക്ടിന്റെ പ്രായോഗികക്ഷമത,സാങ്കേതികക്ഷമത എന്നിവയുടെ പരിശോധന ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തണം. പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥനും പ്രോജക്ട് അംഗീകരിക്കുന്ന ഉദ്യോഗസ്ഥനും ഓരാൾ ആയിരിക്കരുത്. പ്രോജക്ട് അംഗീകരിക്കുന്നതിനുമുമ്പ് അനുയോജ്യത സംബന്ധിച്ച ഉറപ്പുവരുത്താൻ അംഗീകാര ഉദ്യോഗസ്ഥനു സ്ഥലപരിശോധന നടത്താവുന്നതാണ്. അപാകതയുള്ള പ്രോജക്ടുകൾ അപാകത പരിഹരിക്കനാവശ്യമായ നിർദ്ദേശങ്ങൾ സഹിതം തിരിച്ചയക്കേണ്ടതാണ്. നടപ്പാക്കാനാവാത്തതാണെന്നു തോന്നുന്ന പ്രോജ്കടുകൾ നിരസിക്കുകയാണെങ്കിൽ നിരസിക്കുന്നതിനുള്ള കാരണം കൂടി വ്യക്തമാക്കിക്കൊണ്ടുവേണം തിരിച്ചയക്കുവാൻ. പദ്ധതിയിലും പ്രോജ്ക്ടിലും നിലനിൽക്കുന്ന അപാകതകളും പോരായ്മകളും അതതു ഭരണതലത്തിലുള്ള ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

സ്റ്റാറ്റസ് റിപ്പോർട്ടുകൾ, അയൽസഭാതീരുമാനങ്ങൾ, വാർഡുസഭ/ഗ്രാമസഭാതീരുമാനങ്ങൾ,കരടുപ്രോജക്ട് നിർദ്ദേശങ്ങൾ,കരടു പദ്ധതിരേഖ, അന്തിമ പദ്ധതിരേഖ, വർക്കിംഗ് ഗ്രൂപ്പുയോഗങ്ങളുടെ മിനുട്സ്, സ്റ്റേറ്റ് ഹോൾഡർ ചർച്ചയുടെ വിവരങ്ങൾ,ബാങ്കുകളുമായി ചർച്ച ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ, ഗ്രാമസഭ/വാർഡുസഭ തീരുമാനങ്ങൾ, വികസനസെമിനാർ സംബന്ധിച്ച വിവരങ്ങൾ എന്നിവ തദ്ദേശസ്ഥാപനത്തിൽ രേഖകളായി സൂക്ഷിക്കേണ്ടതും പ്രോജക്ട് പരിശോധനാവേളയിൽ ഇക്കാര്യങ്ങളെല്ലാം നടന്നിട്ടുണ്ടെന്നു ഉറപ്പുവരുത്തേണ്ടതുമാണ്.

## തെരുവുവിളക്കുകൾക്കു ഇലക്ട്രിക്ക് സാധനങ്ങൾ ടെൻഡർ വിളിച്ചു വാങ്ങാം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തെരുവുവിളക്കു കത്തിക്കുന്നതിനു അനുബന്ധ ഉപകരണങ്ങളുടെ വിതരണവും പരിപാലനവും കെൽട്രോൺ,ക്രൂസ്,യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്നീ സ്ഥാപനങ്ങളിൽനിന്നു വാങ്ങുന്നതിനാണ് അനുവാദം നൽകിയിരുന്നത്. എന്നാൽ ടി സ്ഥാപനങ്ങൾ യഥാസമയം നടത്തുന്നില്ല എന്നും മാർക്കറ്റ് വിലയേക്കാൾ കൂടുതലാണെന്നും തദ്ദേശസ്ഥാപനങ്ങൾ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, തദ്ദേശസ്ഥാപനങ്ങൾക്കു ആവശ്യമായ ഇലക്ട്രിക്കൽ സാധനങ്ങൾ ടെണ്ടർ നടപടികളിലൂടെ വാങ്ങുന്നതിനു അനുവാദം നൽകി ഉത്തരവായിട്ടുണ്ട്. വാങ്ങുന്ന സാധനങ്ങൾക്കു ടെണ്ടർ വിളിക്കുമ്പോൾ പെർഫോർമൻസ് ഗാരണ്ടി കൂടി ആവശ്യപ്പെടേണ്ടതും അതിന്റെ വ്യവസ്ഥകൾ അനുസരിച്ച് സാധനങ്ങൾ വാങ്ങേണ്ടുതമാണ്. കൂടുതൽ വിവരങ്ങൾക്കു സ.ഉ.(സാധാ) 2238/2016 തസ്വഭവ.തീയതി.25.7.2016 നമ്പർ ഉത്തരവു കാണുക.


KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 (for private circulation only)